**RESERVE BANK OF INDIA**

www.rbi.org.in

ആർബിഐ/2021-22/47
ഡിഒആർ.എസ്ടിആർ.ആർഇസി. 21/21.04.048/2021-22 ജൂൺ 4, 2021

എല്ലാ വാണിജ്യ ബാങ്കുകൾക്കും (സ്മോൾ ഫിനാൻസ് ബാങ്കുകൾ,
ലോക്കൽ ഏരിയ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ ഉൾപ്പെടെ)
എല്ലാ പ്രാഥമിക (അർബൻ) സഹകരണ ബാങ്കുകൾക്കും/
സംസ്ഥാന സഹകരണ ബാങ്കുകൾക്കും/
ജില്ലാ കേന്ദ്ര സഹകരണ ബാങ്കുകൾക്കും
എല്ലാ അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങൾക്കും
എല്ലാ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്കും
(ഹൗസിംഗ് ഫിനാൻസ് കമ്പിനികൾ ഉൾപ്പെടെ)

മാഡം/സർ,

**റെസലൃൂഷൻ ചട്ടക്കൂട് - 2.0 : സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ (എംഎസ്എംഇ) കോവിഡ് -19 മായി ബന്ധപ്പെട്ട സമ്മർദ്ദത്തിൻറെ പരിഹാരം - മൊത്തം എക്സ്പോഷറിനുള്ള പരിധിയുടെ പുനരവലോകനം**

"പരിഹാര ചട്ടക്കൂട് 2.0- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എം എസ് എം ഇകൾ) കോവിഡ് -19 ബന്ധപ്പെട്ട സമ്മർദ്ദത്തിൻറെ പരിഹാരം" എന്ന 2021 മേയ് 5 ലെ സർക്കുലറായ ഡിഒആർ. എസ്.ടി.ആർ. ആർഇസി.12/21.04.048/2021-22 എന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

2. മേൽപ്പറഞ്ഞ സർക്കുലറിലെ ക്ലാസ് 2 ൽ ഈ ചട്ടക്കൂടിന് കീഴിൽ പുനക്രമീകരണത്തിനായി പരിഗണിക്കേണ്ട എംഎസ്എംഇ അക്കൗണ്ടുകൾ ക്കുള്ള യോഗ്യതാ വ്യവസ്ഥകൾ വ്യക്തമാക്കുന്നു. ഇതിൽതന്നെ ഉപവകുപ്പ് (iii) കൂടി ഉൾപ്പെടുന്നു, അതിൽ പറയുന്നത് എം എസ് എം ഇ വായ്പക്കാരന് എല്ലാ ധനകാര്യസ്ഥാപനത്തിലും കൂടി, ഫണ്ട് അധിഷ്ഠിതമല്ലാത്ത വായ്പാസൗകര്യങ്ങൾ ഉൾപ്പെടെയുള്ള മൊത്തം എക്സ്പോഷർ 2021 മാർച്ച് 31 ലെ കണക്കനുസരിച്ച് 25 കോടി രൂപയിൽ കൂടാൻ പാടില്ല എന്നതാണ്.

3. ഒരു അവലോകനത്തിൻറെ അടിസ്ഥാനത്തിൽ, മുകളിൽ സൂചിപ്പിച്ച പരിധി ₹25 കോടിയിൽ നിന്ന് ₹ 50 കോടിയായി ഉയർത്താൻ തീരുമാനിച്ചിരിക്കുന്നു.

4. അപ്രകാരം, വകുപ്പ് 2 (അഞ്ച്) ഇനിപ്പറയുന്ന രീതിയിൽ പുതുക്കുന്നു:

"(അഞ്ച്) വായ്പയെടുക്കുന്നയാളുടെ അക്കൗണ്ട്, 2020 ആഗസ്റ്റ് 6 ലെ ഡിഒആർ. നം. ബിപി.ബിസി/4/21.04.048/2020-21, 2020 ഫെബ്രുവരി 11 ലെ ഡിഒആർ. നം. ബിപി. ബിസി.34/21.04.048/2019-20, 2019 ജനുവരി 1 ലെ ഡിഒആർ.നം. ബിപി.ബിസി 18/21.04.048/2018-19 സർക്കുലറുകളുടെ അടിസ്ഥാനത്തിൽ (എം എസ് എം ഇ വായ്പാ പുന:ക്രമീകരണ സർക്കുലറുകൾ), അല്ലെങ്കിൽ 2020 ആഗസ്റ്റ് 6 ലെ “കോവിഡ്-19 മായി ബന്ധപ്പെട്ട സമ്മർദ്ദത്തിനുള്ള പരിഹാര ചട്ടക്കൂട്" സർക്കുലർ ഡിഒആർ.നം.ബിപി.ബിസി/3/21.04.048/2020-21 പ്രകാരമോ പുന: സംഘടിപ്പിച്ചിട്ടില്ലാത്ത ഇടപാടുകാരുടെ വായ്പാ അക്കൗണ്ടുകൾ.

5. സർക്കുലറിലെ മറ്റെല്ലാ വ്യവസ്ഥകളും മാറ്റമില്ലാതെ തുടരും.

വിശ്വസ്തതയോടെ,

**(മനോരഞ്ജൻ മിശ്ര)**
ചീഫ് ജനറൽ മാനേജർ